**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 628** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>കുന്നംകുളം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. സി. മൊയ്തീൻ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** കുന്നംകുളം മണ്ഡലത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം പൂർത്തീകരിക്കാനുള്ളത് ഏതൊക്കെ പ്രവൃത്തികളാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** കുന്നംകുളം മണ്ഡലത്തിലെ **കണിയാമ്പാൽ അംബേദ്കർ ഗ്രാമത്തിൽ (2021-22)** 32 വീട്ടുകളുടെ ഭവനപുനരുദ്ധാരണം, കമ്മ്യൂണിറ്റി ഹാളിന്റെ പണി എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരിക്കുകയും, ഹാളിനു മുന്നിൽ 200 വാട്ടിന്റെ ലൈറ്റ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ തൽസ്ഥിതി ചുവടെ ചേർക്കുന്നു.

**കടങ്ങോട് അരിക്കാട്ടുക്കുണ്ട് അംബേദ്കർ ഗ്രാമത്തിൽ (2021-22)** 26 വീട്ടുകളിൽ 20 ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചിട്ടുണ്ട്. 3 വീട്ടുകളുടെ പണി, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം എന്നിവ പുരോഗമിക്കുന്നു.

**വേലൂർ കുണ്ടിലങ്ങാടി അംബേദ്കർ ഗ്രാമത്തിലെ (2022-23)** പ്രവർത്തികൾക്കുള്ള സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**പോർക്കുളം ഇഞ്ചിക്കുന്ന് അംബേദ്കർ ഗ്രാമത്തിൽ (2023-24)** പ്രവർത്തികൾക്കുള്ള സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. **കാട്ടാകാമ്പാൽ ചിറയ്ക്കൽ IHDP അംബേദ്കർ ഗ്രാമത്തിൽ** (2024-25) പ്രാഥമികയോഗം ചേർന്നിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**അണ്ടേംകുന്ന് അംബേദ്കർ ഗ്രാമത്തിൽ (2025-26)** നിർവ്വഹണ ഏജൻസിയെ തീരുമാനിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്

**(ബി)** പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**